


# "ഉയരും സ്വപ്നങ്ങൾ"

സെന്റ് ക്ലെയേഴ്സ് സി.ജി.എച്ച്.എസ്.എസ്
തൃശ്ശൂർ

# സമർപ്പണം

**ജീവിതസാഹചര്യങ്ങളിൽ പഠനം ഉപേക്ഷിക്കേണ്ടി വന്ന കൂട്ടുകാർക്ക് സ്വപ്നങ്ങളുടെ ഉയരങ്ങളിലേക്ക് പറക്കാൻ ഞങ്ങൾ സമർപ്പിക്കുന്നു**

"ഉയരും സ്വപ്നങ്ങൾ.......”

- എഡിറ്റോറിയൽ
- ആശംസ
- പരിസ്ഥിതി ഗുരുതരം
- അംബരക്കണ്ണീരിൽ കുതിർന്ന കേരളം
- മാന്ത്രികമാല
- അക്ഷരത്താളിലെ പഴഞ്ചൊല്ലുകൾ
- യാചകന്റെ അവസ്ഥ
- പാട്ടിന്റെ ഈണം
- യാത്ര
- കൃഷിചൊല്ലുകൾ
- കുട്ടിപിശാചും മാന്ത്രിക കുളവും
- വിജയത്തിനായി പുഞ്ചിരിയോടെ മുന്നേറാം
- വർണ്ണത്തിളപ്പിൻ ലോകം
- ഓണച്ചൊല്ലുകൾ
- സ്വപ്നശിഖ
- കടംകഥ
- 'ക' ചൊല്ലുകൾ
- പ്രകൃതിയെ ചൂഷണം ചെയ്യുന്ന മനുഷ്യൻ

- വീട് പഴഞ്ചൊല്ലിൽ
- അമ്മ
- 'അ'യിൽ തുടങ്ങുന്ന കടംകഥകൾ
- കഠിനാധ്വാനം വിജയത്തിന്റെ മുന്നോടി
- അഹങ്കാരം ആപത്ത്
- കൃഷിചൊല്ലുകൾ
- താൻ പാതി ദൈവം പാതി
- നന്ദി

# എഡിറ്റോറിയൽ

സ്വപ്നങ്ങൾക്ക് ചിറകു നൽകാൻ പഠിപ്പിച്ച ഭാരതം.ആ ഭാരതത്തെ എണ്ണമറ്റ ചിന്തകളാലും അതിശയിപ്പിക്കുന്ന ആശയങ്ങളാലും മുന്നോട്ടു നയിക്കേണ്ടത് പുതുതലമുറയാണ്.ശാസ്ത്രസാങ്കേതിക രംഗത്ത് മിന്നും താരങ്ങളായി തിളങ്ങാൻ അവർക്ക് പ്രചോദനം നൽകുന്ന സ്നേഹത്തിന്റെ തണലാണ് 'ലിറ്റിൽ കൈറ്റ്സ് 'എന്ന കൂട്ടായ്മ. ആ തണലിലൂടെ'ഉയരും സ്വപ്നങ്ങളായി'പറക്കാൻ കഴിയട്ടെ എന്നാശംസിച്ച് കേരളം കണ്ട മഹാപ്രളയത്തെ അതിജീവിച്ച എല്ലാവർക്കും സ്വപ്നങ്ങളുടെ ചിറകുകളായ ഈ 'ഇ മാഗസിൻ'ഞങ്ങൾ സമർപ്പിക്കുന്നു.

എന്ന്

എഡിറ്റർ

നന്ദന എം.ജെ -9B

## ആശംസ


**സെന്റ് ക്ലെയേഴ്സ് സി.ജി.എച്ച്.എസ്. വിദ്യാലയത്തിലെ ലിറ്റിൽ  കൈറ്റ്സ് വിദ്യാർത്ഥിനികൾ തങ്ങളുടെ കമ്പ്യൂട്ടർ നൈപുണ്യം ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ഇ- മാഗസിന് വിദ്യാലയത്തിന്റെ പേരിൽ ആശംസ നേരുന്നു.ഭാവി വാഗ്ദാനങ്ങളായ നിങ്ങൾ നാടിന്റെ, വീടിന്റെ,വിദ്യാലയത്തിന്റെ അഭിമാനങ്ങളായി മാറട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.ഉയരങ്ങൾ താണ്ടുവാനുള്ള കഴിവ്  നിങ്ങൾ ആർജ്ജിച്ചെടുക്കുന്നതിൽ അതിയായ അഭിമാനമുണ്ട്.നിങ്ങളുടെ ഈ പരിശ്രമം വിജയിക്കട്ടെ എന്ന് ആശംസിക്കുന്നു**

**എന്ന്**

**നിങ്ങളുടെ സ്വന്തം ഹെഡ്മിസ്ട്രസ്**

**സി. ആലീസ്.എം.എൽ**

# പരിസ്ഥിതി ഗുരുതരം




## 1.മാലിന്യകേരളം

കേരളം ഒരേ ദിവസം പുറന്തള്ളുന്നത് ഉദ്ദേശം 1000 ടൺ മാലിന്യം.ഏതെങ്കിലും രീതിയിൽ സംസ്കരിക്കപ്പെടുന്നതു പരമാവധി 5000 ടൺ മാത്രം.ബാക്കി 5000 ടൺ മാലിന്യം കേരളത്തിലങ്ങളമിങ്ങോളം ചിതറികിടക്കുന്നു.ഏതു നിമിഷവും പൊട്ടിപുറപ്പട്ടേക്കാവുന്ന പകർച്ചവ്യാധികളിലേക്കുള്ള തീക്കൊള്ളികളാണ് നാം കവറിൽ കെട്ടി ഇങ്ങനെ വലിച്ചെറിയുന്നത്. കേരളം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രതിസന്ധി മാലിന്യമാണെന്നു മാറിവരുന്ന സർക്കാരുകൾ ഏറ്റുപറഞ്ഞിട്ടും മാലിന്യസംസ്കരണത്തിനു ഫലപ്രദമായ മാർഗങ്ങൾ ഇനിയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

വികേന്ദ്രീകൃതമാലിന്യസംസ്കരണം ആശാവഹമാണെങ്കിലും ഇതിന്റെ പ്രായോഗികത ഇപ്പോഴും ചോദ്യചിഹ്നം

## 2.ജലമാലിന്യം



കേരളത്തിലെ 50 ശതമാനം കിണറും മലിനമാണെന്ന് സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി ധവപത്രത്തിലെ കണക്ക് വിസർജ്യവസ്തുക്കളിൽകാണുന്ന ബാക്ടീരിയകളാണ് കിണറുകളിൽ നിറഞ്ഞിരിക്കുന്നത്.തീര പ്രദേശത്തെ ഭൂഗർഭജലത്തില് ഉപ്പുരസത്തിന്റെ അളവ് ക്രമാതീതമായി വർധിച്ചു.പാലക്കാട്,ആലപ്പുഴ,ജില്ലകളിലെ ഭൂഗർഭ ജലസ്രോതസ്സുകളിൽ അമിതതോതിൽ ഫ്ളൂറൈഡ് കണ്ടെത്തി.വ്യവസായങ്ങളിൽ നിന്നും മാലിന്യങ്ങളും കീടനാശിനികളും ജലാശയങ്ങളിലേക്ക് ഒഴുകിയിറങ്ങി യതോടെ കുട്ടനാട്ടിലെ ജലമാലിന്യം വർധിച്ചു.ഈ കണക്കിനുപോയാൽ വെള്ളം ഇല്ലാതെയായെന്നു വരും.അതുകൊണ്ട് ജലം സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

## 3.കണ്ണീരായി തണ്ണീർത്തടങ്ങൾ

കേരളത്തിൽ വയലുകളുടെ വിസ്തൃതി കഴിഞ്ഞ 40 വർഷം കൊണ്ട് 7.54 ലക്ഷം ഹെക്ടറിൽനിന്ന് 1.9 ലക്ഷം ഹെക്ടറായി.അതിലോല ആവാസ വ്യവസ്ഥകളിൽ ഒന്നായ തണ്ണീർത്തടങ്ങളിൽ 49 ശതമാനംകുറവുണ്ടായി. കണ്ടൽക്കാടുകളുടെ ആകെ വിസ്തീർണ്ണം 700 ചതുരശ്ര കിലോമീറ്ററിൽ നിന്നും വെറും ഒൻപതു ചതുരശ്ര കിലോമീറ്ററായി ചുരുങ്ങി.

## 4.കാടെവിടെ മക്കളെ

രേഖകൾ പ്രകാരം കേരളത്തിൽ കാടിന്റെ വിസ്തൃതി വർധിക്കുന്നുണ്ടെങ്കിലും വനനാശം വ്യാപകമാകുന്നുവെന്ന് വിദഗ്ധർ.പ്രതിവർഷം ശരാശരി 3000 ഹെക്ടർ കാട്  കാട്ടുതീ മൂലം നശിക്കുന്നു.2009 മുതൽ 2014 വരെ നശിച്ചതു 18,170 ഹെക്ടർ. കാടുവിട്ട് വന്യജീവികൾ വെള്ളവും പച്ചത്തീറ്റയും തേടി മനുഷ്യവാസ കേന്ദ്രങ്ങളിലേക്കിറങ്ങുന്നത് വ്യപകമായി.

കേരളത്തിന്റെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിൽ നിർണായകപങ്കു വഹിക്കുന്ന പശ്ചിമഘട്ടം നേരിടുന്ന പ്രധാന ഭീഷണികളിലൊന്ന് അനധികൃത ക്വാറികളാണ്.പാറയും മണ്ണുമൊക്കെ കടത്തുമ്പോൾ വലിയൊരു പാരിസ്ഥിതികഭീഷണി കൂടിയാണ് നാം സൃഷ്ടിക്കുന്നത്.3000 ക്വാറികൾ പ്രവർത്തിക്കുന്നത് അനുമതിയില്ലാതെയാണെന്ന നിയമസഭ പരിസ്ഥിതി സമിതി റിപ്പോർട്ടിലുണ്ട്.

## 5.വംശനാശ ഭീഷണിയിൽ 205 ജീവികൾ

കേരളത്തിൽ 205 കശേരുക ജീവികൾ വംശനാശ ഭീഷണിയിലാണ്. കേരളത്തിലും സംസ്ഥാനാതിർത്തിയിൽ പശ്ചിമഘട്ടത്തിലുമായി കാണുന്ന 1847 കശേരുക ജീവികൾ 11% വരും ഇത്.ഇവയിൽ 148


ഇനം കേരളത്തിലും പശ്ചിമഘട്ടത്തിലും മാത്രം കാണുന്നവ.വംശ നാശം സംഭവിച്ചാൽ ഈ ഭൂമുഖത്തുനിന്നു തന്നെ ഇവയിൽ 23 ഇനങ്ങൾ അതീവ വംശനാശഭീഷണി നേരിടുന്നെങ്കിൽ 92 ഇനം വംശനാശ ഭീഷണിയുള്ളവയുമാണ്.

പാരിസ്ഥിതിക മാറ്റങ്ങൾ ദുരന്തങ്ങളല്ല.അവയെ ഫലപ്രദമായി നേരിടാൻ കഴിയാതിരിക്കുമ്പോഴാണു ദുരന്തമായി മാറുന്നത്.കേരളം ഭാവിയിൽ നേരിടാൻ പോകുന്ന പരിസ്ഥിതി പ്രശ്നങ്ങളെയോ അവയെ നേരിടേണ്ട മാർഗങ്ങളെയോ കുറിച്ച് സംസ്ഥാന സർക്കാർ ഇതുവരെ ശാസ്ത്രീയ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.



അലീന്റ സി.ജെ

9B




# അംബരക്കണ്ണീരിൽ കുതിർന്ന കേരളം

കടലിന്റെ കനിവു കാത്തുനിന്ന രാവുകൾ
കരളെന്ന കേരളത്തതിനു നോവേറ്റ
ദൈവത്തെ കണ്ടു അന്നു ഞാൻ
ദൈവമായി മാറിയ മത്സ്യ തൊഴിലാളികൾ

കേരളസൈന്യമെന്നുപറയാവുന്ന
കൈത്താങ്ങായിമാറിയവർ
ജാതിമതഭേദമില്ലാതെ
ഒന്നിച്ചുകൂടി
ഒന്നിച്ചുറങ്ങി,ഒന്നിച്ചുണ്ടു
കനിവൊഴുകി കണ്ണുനിറഞ്ഞ്
കേരളതോളോടൊപ്പമുണ്ട്
മതിലില്ലാത്ത സൗഹാർദംകടലിന്റെ കനവു
കാത്തുനിന്ന രാവുകൾ
കരളെന്ന കേരളത്തിനു നോവേറ്റ
ദൈവത്തെ കണ്ടു അന്നു ഞാൻ
ദൈവമായി മാറിയ മത്സ്യ തൊഴിലാളികൾ

കേരളസൈന്യമെന്നുപറയാവുന്ന



കൈത്താങ്ങായിമാറിയവർ
ജാതിമതഭേദമില്ലാതെ
ഒന്നിച്ചുകൂടി
ഒന്നിച്ചുറങ്ങി,ഒന്നിച്ചുണ്ടു
കനിവൊഴുകി കണ്ണുനിറഞ്ഞ്
കേരള തോളോടൊപ്പമുണ്ട്
മതിലില്ലാത്ത സൗഹാർദം
പുഴയെടുത്ത മനുഷ്യർ
പുഴ കരയെടുത്തു

ഓർമ്മപ്പെടുത്തലുകളാണിത്
ഓർമ്മകളിൽ തങ്ങുന്ന
മറക്കാനാവാത്ത ഈ
പ്രളയകാലം

ഓർമ്മപ്പെടുത്തലുകളാണിത്
ഓർമ്മകളിൽ തങ്ങുന്ന
മറക്കാനാവാത്ത ഈ
പ്രളയകാലം

സയന സണ്ണി 9A

# മാന്ത്രികമാല

മാനസരോവരം രാജ്യത്തെ മാർത്താണ്ഡൻ രാജാവിന് രണ്ട് ആൺസന്തതികളാണ്.രാമനന്ദനും,വിശ്വനാഥനും.ഇരുവരും മഹാ പരാക്രമികളും ബുദ്ധിശാലികളുമായിരുന്നു.മൂത്തവനായ രാമനന്ദന് മൃഗങ്ങളോടും സാധാരണ ജനങ്ങളോടും പുച്ഛമായിരുന്നു.അവരെ പുഴുക്കൾക്കു സമാനമായാണ്.അയാൾ കണക്കാക്കിയിരുന്നത്. എന്നാൽ വിശ്വനാഥൻ എല്ലാ എല്ലാ ജന്തുജാലങ്ങളെയും പ്രകൃതിയേയും ഒരു പാഠപുസ്തകമായും സാധാരണ ജനങ്ങളെ ഉള്ളതുകൊണ്ടു ജീവിക്കാൻ പഠിക്കാതെ പഠിച്ച വിദ്യാർത്ഥികളായി കണ്ടു.അയാൾ എല്ലാത്തിനോടും സ്നേഹവും കരുണയും വാത്സല്ല്യവുമായിരുന്നു. ഇരു രാജകുമാരൻമാരുടേയും ഈ സ്വാഭാവവ്യത്യാസം മനസ്സിലാക്കിയ രാജഗുരു വിശ്വാനാഥനെ രാജാവാക്കാൻ മാർത്താണ്ഡൻ രാജാവിനോട് ആവശ്യപ്പെട്ടു.രാജഗുരുവിന്റെ ഉപദ്ദേശത്താൽ രാജ്യത്തിന് നല്ലതേ വരൂ എന്ന് ഉറപ്പുള്ളതിനാൽ അദ്ദേഹം വിശ്വനാഥനെ രാജാവാക്കാൻ പോകുന്നു എന്ന് വിളബരം നടത്തി.ഇത് അറിഞ്ഞ രാമനന്ദന് തീരാപകയും വെറുപ്പും സ്വന്തം സഹോദരനോടു തോന്നി.അവിവേഗം കാണിക്കുന്നത് ബുദ്ധിയല്ല എന്ന് മനസ്സിലായി അവസരത്തിനായി അയാൾ കുറുക്കനെപ്പോലെ കാത്തിരുന്നു.കാലങ്ങൾ കടന്നു പോയി.വിശ്വനാഥൻ രാജാവായി.അയാൾ ജനങ്ങളുടെയും രാമനന്ദനൊഴികെ ശേഷിക്കുന്ന എല്ലാവരുടേയും പ്രീതിപിടിച്ചുപറ്റി. വിശ്വനാഥ മഹാരാജാവ് ഒരു അനാഥ കുട്ടിയെ സ്വന്തം മകളെപ്പോലെ വളർത്തിയിരുന്നു.അവളെ കാണുന്നതുപോലെ ആ മാലയും രാമനന്ദന്റെ ശ്രദ്ധയിൽപ്പെട്ടു.അവളുടെ കഴുത്തിലെ ആ ചുവപ്പ് കല്ല് പിടിപ്പിച്ച മാലയ്ക്ക് മാന്ത്രിക ശക്തിയുണ്ടെന്ന് ആ കുതന്ത്രവാനായ രാമനന്ദൻ മനസ്സിലാക്കി. അത് മോഷ്ടിക്കാനായി സോമു എന്ന കള്ളനെ അയാൾ

ഏർപ്പാടാക്കി.പകരം അയാളെ സ്വതന്ത്രനാക്കാം എന്ന് വാഗ്ദാനം ചെയ്തു. സോമുവിനെ തന്ത്രപൂർവ്വം ആ ബാലികയുടെ കഴുത്തിൽ നിന്ന് ആ മാല മോഷ്ടിച്ചു രാമനന്ദന്റെ അടുത്തെത്തുന്ന സമയം ഒരു ഭടൻ വന്നു അയാൾ ഒരു തൂണിനു പിന്നിൽ ഒളിച്ചു.ഭാഗ്യം എന്നു പറയാം ആ ഭടൻ അയാളെ കണ്ടില്ല.അപ്പോൾ സോമു വിചാരിച്ചു ഞാൻ ചെറുതായിരുന്നു എങ്കിൽ ഇത്ര കഷ്ടപ്പെട്ടേണ്ടതില്ലായിരുന്നു.അതു പറഞ്ഞയുടൻ അയാൾ ചെറുതായി.സോമുവിന് ആ മാലയ്ക്ക് മാന്ത്രികശക്തിയുണ്ടെന്നും അതുപയോഗിച്ച് രാജാവിനെകൊന്ന് രാജ്യം കീഴടക്കാനാണ് രാമനന്ദന്റെ മോഹമെന്നും മനസ്സിലായി.വഞ്ചകനായ രാമനന്ദനെ സഹായിക്കുന്നതിനേക്കാൾ രാജാവിനെ സഹായിക്കുന്നതാണ് നല്ലത് എന്ന് അയാൾ മനസ്സിലാക്കി.അയാൾ നേരേ രാജാവിന്റെ അടുത്തേക്ക് ചെന്നു.സോമുവിനെ കണ്ടതും രാജാവ് ഞെട്ടി എഴുന്നേറ്റു.സോമു സത്യമെല്ലാം രാജാവിനോട് പറഞ്ഞു.ആദ്യം രാജാവിന് അത്ര വിശ്വാസമായില്ല.മാലയുടെ ശക്തി നേരിൽ കണ്ടപ്പോൾ രാജാവിന് വിശ്വാസമായി.അപ്പോഴാണ് രാജഗുരു തന്നെ രാജാവാക്കാൻ പറഞ്ഞതിന്റെ പൊരുൾ വിശ്വനാഥന് മനസ്സിലായത്.അയാൾ രാജാവിനും രാജ്യത്തിനും നൻമചെയ്ത സോമുവിനെ സ്വതന്ത്രമാക്കുകയും രാമനന്ദനെ കാരഗ്രഹത്തിലാക്കുകയും ചെയ്തു.അങ്ങനെ മാനസരോവരം സത്യത്തിന്റെയും  നൻമയുടേയും പ്രതീതിയായി നിലകൊണ്ടു.

**നിരഞ്ജന പി.പി.9 B**

# അക്ഷരത്താളിലെ പഴഞ്ചൊല്ലുകൾ

**അ**

അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില
അകം എല്ലം തോലും പുറം പൊന്തംപൊന്തം

**ആ**

ആഴത്തിൽ ഉഴുതു അകലത്തിൽ നടണം
ആന കൊടുത്താലും ആശ കൊടുക്കരുത്




**ഇ**

ഇല്ലം നിറ വല്ലം നിറ പെട്ടി നിറ പത്തായം നിറ
ഇന്ന് തുടങ്ങി ഇന്ന് മുടങ്ങി

**ഈ**

ഈച്ചയ്ക്ക് പുണ്ണകാട്ടരുത്
ഈച്ച പറന്നാൽ ഇരു കാതം പോകുമോ

**ഉ**

ഉടമയുടെ കണ്ണ് ഒന്നാന്തരം വളം
ഉണ്ടെങ്കിൽ ഓണം ഇലെങ്കിൽ പട്ടിണി

**ഊ**

ഊക്കു കൊണ്ടു മെഴുക്കിളകില്ല
ഊട്ടിനു മുമ്പും ചൂട്ടിനു പിമ്പും

**എ**

എല്ല മുറിയെ പല്ല് മുറിയെ തിന്നാം
എലിയെ കണ്ട് ഇല്ലം ചുടരുത്

**ഏ**

ഏഴോണവും ചിങ്ങത്തിലെ തിരുവോണവും ഒന്നിച്ചു വന്നാലോ
ഏറെ ലാഭം പെരും ചേതം

**ഒ**

ഒരു വിള വിതച്ചാൽ പലവിത്തു വിളയില്ല
*ഒരുമയുണ്ടെകിൽ ഒലക്കമേലും*

**ഓ**

ഓണം മുണ്ട വയർ ചൂളം പാട്ടും
ഓണം മുഴകോലു പോലെ




ശിവഗംഗ K.W.9 B

# യാചകന്റെ അവസ്ഥ

ഒരിടത്ത് പാരീസിൽ ഒരു യാചകൻ താമസിച്ചിരുന്നു. അയാൾ വളരെ യധികം കഷ്ടപ്പെട്ടിരുന്നു.നാട്ടുകാരെല്ലാവരും യാചകനെ വെറുത്തിരുന്നു.അതുകൊണ്ട് അയാൾ തികച്ചും നിരാശാലുവായി രുന്നു.ഒരു ദിവസം അയാൾ വഴിയോരത്തി രുന്നു ഭിക്ഷയാചിക്കുക യായിരുന്നു.അപ്പോൾ കുറച്ച് കൊള്ള സംഘം വന്ന് അയാളെ തട്ടികൊണ്ടു പോയി.കണ്ണും കൈയ്യും ഒരു കറുത്ത തുണി കൊണ്ട് കെട്ടിയിരുന്നു.ആ കൊള്ള സംഘം അയാളെയും കൊണ്ട് ദൂര ത്തേക്ക് പോയി.യാചകൻ എത്തിച്ചേർന്നത് ഒരു വലിയ ഗുഹ യ്ക്കുള്ളിലായിരുന്നു. എന്നിട്ട് അയാളുടെ കെട്ടഴിച്ചു.കണ്ണുതുറന്നപ്പോൾ ആരെയും കാണുന്നില്ല.പിന്നിലേക്കു തിരിഞ്ഞുനോക്കിയപ്പോൾ ലോകം മൊത്തം ഉൾക്കൊള്ളുന്ന അത്രയും വലുപ്പമുള്ള ഒരു ഗുഹ. അവിടെ മലയോളം വലുപ്പമുള്ള സ്വർണ്ണ കുമ്പാരം.അയാൾക്ക് എന്തുചെയ്യണമെന്നറിയാതെ പകച്ചുപോയി.അതേ സമയം ഒരു തുവലും കൊന്തയും കിട്ടി .അപ്പോൾ ഒരു കവാടം തുറന്നു.അതു പുറത്തേക്കുള്ള കവാടമായിരുന്നു.തന്നെ തട്ടിക്കൊണ്ടുപോയ കൊള്ളസംഘം മറ്റാരുമായിരുന്നില്ല.അത് ദൈവവും മാലാഖ മാരുമായുമായിരുന്നു.തന്നെ പരീക്ഷിക്കാനാണ് അങ്ങനെ ചെയ്തത്.അങ്ങനെ യാചകൻ തന്റെ സഞ്ചിയിൽ കുറച്ചു സ്വർ ണ്ണം എടുത്തിട്ടു.എന്നിട്ട് അയാൾ ആ സ്വർണ്ണം മുഴുവനും എടു ക്കാതെ തന്നെ പോലെ ഭിക്ഷയെടുക്കുന്ന പാവങ്ങൾക്ക് കൊ ടുത്തു.ആ യാചകനെ ദൈവം പിന്നെയും ഒരുപാട് അനുഗ്രഹിച്ചു.

ജ്യോതിഷ പി പി

9B

# കവിത

## *വിഷയം :പാട്ടിന്റെ ഈണം*

**കരളാണ് എന്റെ  പാട്ട്**
**മനസ്സാണ് എന്റെ ഈണം**
**പാട്ടിന്റെ ഈണങ്ങൾ ഓരോന്നുമായി**
**പാതിരാവാകുന്ന ശിൽപങ്ങളായി ചന്ദ്രനോ**
**സൂര്യനോ എൻ പാട്ട് കേട്ടിരുന്നു.**
**പാതിരാവോ അതോ പകൽ നേരമോ?**
**സൂര്യനുണർന്നു ഞാനുണർന്നില്ലലോ**
**എന്തുകൊണ്ടെന്നാൽ പാട്ടിന്റെ**
**ഈണത്തിൽ ഞാൻ മയങ്ങി.**

**ഏൻലിയ.സി.തോമസ്**
**9 B**

# യാത്ര




ഞാൻ ഒരിക്കൽ മൂന്നാറിലേക്ക് യാത്ര പോയി. രാവിലെ ഒരു ആറ് മണിയോടെ വണ്ടിയിൽ കയറി.എന്റെ വീട്ടുക്കാരോടൊപ്പമുള്ള ഒരു ചെറിയ യാത്രയായിരുന്നു .വണ്ടിയിൽ കയറി ഇരുന്ന് പുറം കാഴ്ചകൾ കാണുന്നത് വളരെ രസകരമാണ്.പുറത്ത് നല്ല മഞ്ഞുണ്ടായിരു. കാറ്റടിച്ച് ഞാൻ ഉറങ്ങിപ്പോയി.പിന്നെ കണ്ണ് തുറന്നത് ഒരു 8:30 യോടെയായിരുന്നു.വണ്ടിയിൽ നിന്നിറങ്ങി അടുത്തുള്ള ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കാൻ തുടങ്ങി.അപ്പോഴും ദൂരെയുള്ള കാഴ്ച കൾ ഒന്നും കാണാൻ പറ്റിയിരുന്നില്ല,ചുറ്റും മഞ്ഞുകൊണ്ട് മൂടിയിരി ക്കുകയായിരുന്നു.കുറച്ചു ദൂരം കഴിഞ്ഞ് ഞങ്ങൾ വണ്ടി നിർത്തിയിട്ട് ഒന്ന് നടന്നു.തേയില തോട്ടങ്ങളുടെ ഇടയിൽ നിന്ന് ഫോട്ടോസ് എടുത്തു.ആരും കാണാൻ കുറച്ച് തേയില ഞാൻ പൊട്ടിച്ചു.അവിടെ തേയില ഫാക്ടറി ഉണ്ടായിരുന്നു.ഫാക്ടറിയിയിൽ ചായില പൊടി ആക്കുന്നതും പിന്നെ പേക്കറ്റുകളിൽ പേക്ക് ചെയ്ത ചായപൊടി വിൽക്കുന്നതും ഞാൻ കണ്ടു.അമ്മ വീട്ടിലേക്ക് രണ്ട് പേക്കറ്റ് തേയി ലപൊടി വാങ്ങി അവിടെ നിന്ന് ചായ വാങ്ങി കുടിച്ചു. വണ്ടിയിൽ ക യറി ഞങ്ങൾ പിന്നെ ഇടുക്കി ഡാം കാണാനാണ് പോയത്.അവി ടെ കാരറ്റ് വിൽക്കുന്നുണ്ടായിരുന്നു ഞങ്ങൾ വാങ്ങി കഴിച്ചു.ഉച്ചക്ക് ഞങ്ങൾ വീട്ടിൽ നിന്ന് കൊണ്ടുവന്ന ഭക്ഷണം കഴിച്ചിട്ട് വൈകുന്നേ രം ഞങ്ങൾ മൂന്നാർ ചുറ്റികറങ്ങി പിന്നെ വീട്ടിലേക്ക് യാത്ര തിരിച്ചു.

ദക്ഷിണ ജിതേഷ്

9 B

## കൃഷിചൊല്ലുകൾ

◆ ഉടമയുടെ കണ്ണ് ഒന്നാന്തരം വളം

◆ ഇല്ലം നിറ വല്ലം നിറ പെട്ടി നിറ പത്തായം നിറ

◆ ആഴത്തിൽ ഉഴുതു അകലത്തിൽ നടണം

◆ കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും വിള

◆ മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല

◆ മുൻ വിള പൊൻ വിള

◆ അമരതടത്തിൽ തവള കരയണം

◆ ഒരു വിള വിതച്ചാൽ പലവിത്തു വിളയില്ല

◆ കന്നൻ വാഴയുടെ ചുവട്ടിൽ പൂവൻ വാഴ കിളർക്കുമോ

◆ കളപറിച്ചാൽ കളം നിറയും

◆ കാലം നോക്കി കൃഷി

◆ വിത്തുഗുണം പത്തുഗുണം

◆ വിതച്ചതു കൊയ്യും


◆ വേലിതന്നെ വിളവുതിന്നുക

◆ വളമിടുക,വരമ്പിടുക,വാരം കൊടുക്കുക,വഴിമാറുക

**ശ്രീലക്ഷ്മി മനോജ് 9A**

# കുട്ടി പിശാച്ചും മാന്ത്രിക കുളവും

പണ്ടൊരു കാലത്ത് ഒരു കാട്ടിൽ എല്ലാ മൃഗങ്ങളും ഒത്തൊരുമയോ ജീവിച്ചു വന്നിരുന്നു.എല്ലാ മൃഗങ്ങളും ദിവസവും കാട്ടിലെ കാട്ടിലെ കാട്ടിന്റെ നടുവിലുള്ള ഒരു കുളത്തിൽ പോയി വെള്ളം കുടിക്കുക പതിവായിരുന്നു.അത്രയും രുചിയുള്ള വെള്ളം മറ്റൊരു കാട്ടിലും ഉണ്ടായിരുന്നില്ല.അതുകൊണ്ട് കാട്ടിലുണ്ടായിരുന്ന ആ വെള്ളം കുടിച്ച് അവരവരുടെ വീട്ടിലേക്ക് തിരിച്ചു പോകുമായിരുന്നു.ഇങ്ങ നെ ഇരിക്കുന്ന ഒരു ദിവസം ആ വഴിയെ ഒരു കുട്ടിപിശാച് വന്നു. അവിടെ ആ കുളത്തിൽ എല്ലാ മൃഗങ്ങളും വെള്ളം കുടിക്കുന്നത് കണ്ട് കുട്ടിപിശാച് തന്റെ മനസ്സിൽ പദ്ധതിയിട്ടു. ഈ കുളത്തിൽ താമസിച്ചാൽ ഓരോ ദിവസവും ഓരോ മൃഗത്തെ തിന്നാം എന്നതാണ് പദ്ധതി.ഈ പദ്ധതി എങ്ങനെ പ്രയോഗിക്കാം എന്നാലോചിച്ച കുട്ടിപിശാച് അപ്പോൾ തന്നെ ആ കുളത്തിൽ ചാടി അവിടെത്തന്നെ ഒളിച്ചിരുന്നു.ഓരോ ദിവസവും കുളത്തിലേ



ക്ക് വെള്ളം കുടിക്കാൻ വരുന്ന മൃഗങ്ങളെ കൊന്നു തിന്നുക പതി വായിരുന്നു.കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കാട്ടിലുള്ള ഓരോ മൃഗ വും കുറയാൻ തുടങ്ങി.അങ്ങനെ ഇരിക്കെ ഒരു ദിവസം കുറെ കുര ങ്ങന്മാർ കാട്ടിലെത്തി. അവർക്ക് വല്ലാതെ ദാഹിക്കുന്നുണ്ടായിരു ന്നു.അവർ കുളത്തിനടുത്തേക്ക് ചെന്നപ്പോൾ അവരുടെ കൂട്ടത്തി ലുള്ള ഒരു വയസ്സായ കുരങ്ങൻ അവരോട് നമ്മുക്കറിയാത്ത സ്ഥ ലത്തേക്ക് പോകുമ്പോൾ സൂക്ഷിക്കണമെന്ന് പറഞ്ഞു.മുതിർന്ന കുരങ്ങൻ കുളത്തിനടുത്തേക്ക് ചെന്ന് സൂക്ഷിച്ചു നോക്കിയപ്പോൾ മൃഗങ്ങളുടെ കാൽപ്പാടുകൾ തിരിച്ച് പോകുന്നത് കാണുന്നുണ്ടാ

യിരുന്നില്ല.കാട്ടിൽ ചെന്ന് ഒരു മുളവടിയെടുത്ത് അതിന്റെ ഒരറ്റം കുളത്തിലേക്കിട്ട് അതിലൂടെ വെള്ളം കുടിക്കുവാൻ കുരങ്ങന്മാരോടു പറഞ്ഞു.മറ്റു മൃഗങ്ങളും അതുപോലെ വെള്ളം കുടിക്കാൻ തുടങ്ങി. കുട്ടിപിശാച് വെള്ളത്തിന്റെ മുകളിലേക്ക് വന്ന് ഈ കാഴ്ച്ച കണ്ടു. പിശാച് മുളയുടെ മറ്റെ അറ്റത്ത് വായ വെച്ചപ്പോൾ മുളകൊണ്ട് പിശാചിനെ പരിക്കേൽപ്പിച്ച മൃഗങ്ങൾ.പരിക്കേറ്റ പിശാച് വെള്ളത്തിൽ വീണ് മരിച്ചു.അങ്ങനെ മൃഗങ്ങളെല്ലാം സന്തോഷത്തോടെ ജീവിക്കാൻ തുടങ്ങി.

സ്നേഹ എൻ
9A

# വിജയത്തിനായി പുഞ്ചിരിയിലൂടെ മുന്നേറാം

'മുഖം മനസ്സിന്റെ കണ്ണാടി'.ഈ വാക്യം നമുക്കെല്ലാം വളരെ സുപരിചിതമാണ്.എന്തുകാര്യവും സന്തോഷത്തോടുകൂടി നേരിടണം.രാവിലെ ഉണരുമ്പോൾ തന്നെ പുഞ്ചിരിക്കുക. അപ്പോൾ ആ ദിനം മനോഹരമായിരിക്കും.നമ്മുടെ ജീവിത ത്തിൽ വന്നു പോകുന്ന ഓരോരുത്തരോടും സന്തോഷത്തി ന്റെയും,സ്നേഹത്തിന്റെയും ഒരു പുഞ്ചിരി സമ്മാനിക്കുക. ജീവിതം എന്നത് ദൈവം നൽകിയ വലിയൊരു സമ്മാനമാണ്. അതിൽ നമുക്ക് അനുഭവിക്കേണ്ടി വരുന്ന സന്തോഷങ്ങളും,സങ്കടങ്ങളും എല്ലാം ദൈവം നൽകുന്നതാണ്. അതിൽ ഒന്നും നിരാശപ്പെടാതെ നല്ല പുഞ്ചിരിയോടെയും, പ്രസന്നമായ മുഖത്തോടെയും അതിനെ നേരിടാൻ നമുക്ക് സാധിക്കണം.നമ്മുടെ മനോശക്തി വർധിക്കണം. ഇതി നായി നല്ല പുസ്തകങ്ങൾ വായിച്ച് ബുദ്ധിക്ക് വളർച്ച നൽ കണം.നമ്മുടെ ഈ പ്രായത്തിൽ, നന്നായി പഠിക്കണം. കഷ്ടപ്പെട്ട് ഇഷ്ടപ്പെട്ട് പഠിക്കണം.അങ്ങനെ നമ്മുടെ ജീവി തത്തിൽ നമുക്ക് വിജയിക്കാം.തോൽവി വിജയത്തിന്റെ മുന്നോടിയാണ്.മഹാനായ അമേരിക്കയുടെ പ്രസിഡന്റ് എബ്രഹാം ലിങ്കണിനെക്കുറിച്ച് നമുക്കെല്ലാം അറിയാം. അദ്ദേഹത്തിന്റെ ജീവിതം പരാജയങ്ങളുടെ കൂട്ടമായി രുന്നു. എന്നാലും അതിലൊന്നും തോറ്റു പിൻമാറാതെ തന്റെ

അമ്പത്തിരണ്ടാം വയസ്സിൽ പ്രസിഡന്റ് ആയി.അദ്ദേഹം തന്റെ വിജയം കൈവരിച്ചു. ഇതുപോലെ എത്രയെത്ര മഹാൻമാർ.നമുക്ക് നമ്മുടെ ജീവിതത്തെ മനോഹരമായി കണ്ട് അതിനെ ആസ്വദിച്ചുകൊണ്ട് ഈ ഭൂമിയിൽ നമുക്കാ യിരിക്കാം.അങ്ങനെ ജീവിതത്തെ നിറഞ്ഞ പുഞ്ചിരിയോടെ നേരിടാം.അങ്ങനെ വിജയം കൈവരിക്കാം.

ആൻലിയ ജോഷി


9 B

# വർണ്ണത്തിളപ്പിൻ ലോകം

നഗരത്തിലെ ഒരു സാധാരണ കുടുംബം.ആ കുടുംബത്തിൽ ഗവൺമെന്റുദ്യോഗസ്ഥനായ ഒരു അച്ഛനും കുടുംബിനിയായ അയാളുടെ ഭാര്യയും അവരുടെ ഏകമകൻ സൂരജും.വിവാഹം കഴിഞ്ഞിട്ട് ഏറെ നാൾ കഴിഞ്ഞാണ് ആ മകനുണ്ടായത്.അതിനാൽ അവർ അവനെ ലാളിച്ച് വളർത്തി.അവൻ സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. ഒരു പാട് സമ്മാനങ്ങൾ വാരിക്കൂട്ടുന്ന ഒരു പ്രതിഭ.ആ നാടിന് അവൻ ഒരു അഭിമാനമായിരുന്നു.അതുപോലെതന്നെ അവന്റെ കുടുംബത്തിനും. കാലങ്ങൾ കടന്നു പോയി.സ്കൂൾ പഠനത്തിനുശേഷം ഉന്നത പഠനത്തിനായി ആ നഗരത്തിലെ ഏറ്റവും നല്ല കോളേജിൽ ചേർന്നു.അവിടം അവന് പുതുമയുടെ ലോകമായി മാറി.അവന്റെ ബാച്ചിൽ ഒരുപാട് വിദ്യാർത്ഥികൾ ഉണ്ടായിരുന്നു.ആദ്യ ദിവസം തന്നെ അവൻ ഒരുപാട് കൂട്ടുകാരെ ഉണ്ടാക്കി.എന്നാൽ അവർ നല്ലവരല്ല എന്ന് അവനറിയില്ലായിരുന്നു.അവൻ കൂട്ടുകാരുമൊത്ത് കോളേജിൽ പുതിയ നിയമങ്ങൾ ഉണ്ടാക്കി.വിദ്യാർത്ഥികളെ ഭയപ്പെടുത്തി.കൂട്ടുകാരുടെ കൂടെ ചേർന്ന് അവൻ മദ്യപാനം പോലെയുള്ള ദുശ്ശീലങ്ങൾ പഠിച്ചു.വീട്ടിലെത്തിയാൽ വീട്ടുകാരുമായി എന്നും വഴക്കുണ്ടാക്കും.നാട്ടുകാർക്കും അവൻ ഒരു തലവേദനയായി.അവന്റെ കുടുംബത്തിന്റെ അഭിമാനം പോയി.മൊബൈലിലൂടെ മയക്കമരുന്ന് വിൽക്കുന്നവരുമായി പരിചയപ്പെട്ടു.ഒരിക്കൽ അവൻ മയക്കമരുന്ന് കേസിൽ അറസ്റ്റിലായി.അന്ന് അവനെ കുറേ പേർ വന്ന് ജാമ്യത്തിലിറക്കി.അന്ന് രാത്രി അവൻ മദ്യപിച്ച് ഹെൽമറ്റ് ധരിക്കാതെ ഒരു കൂട്ടുകാരന്റെ ബൈക്കോടിച്ച് പോയി അവിടെ വച്ച് ഒരു വണ്ടി വന്ന് അവനെ ഇടിച്ചിട്ട് പോയി.ബോധമില്ലാതെ കുറേ നേരം അവൻ അവിടെ കിടന്നു.ഒട്ടുവിൽ

നാട്ടുകാരിൽ ചിലർ അവനെ ആശുപത്രിയിലെത്തിച്ചു.അവന്റെ വീട്ടുകാർ ആശുപത്രിയിൽ വന്ന് കരയാൻ തുടങ്ങി.പക്ഷെ അവൻ മരിച്ചു.

പ്രിയ കൂട്ടുകാരേ സൂരജിന്റെ ജീവിതം ഇവിടെ അവസാനിക്കുന്നു.എന്നാൽ നമ്മുടെ ജീവിതം തുടങ്ങുകയാണ്.വർണ്ണത്തിളക്കത്തിന്റെ ലോകം നമ്മെ കീഴടക്കിയേക്കാം.എന്നാൽ അതിന്റെ ചങ്ങലകൾ പൊട്ടിച്ച് നമുക്ക് നല്ല പാതയിലേക്ക് തിരിച്ചു വരാം.അല്ലെങ്കിൽ നമുക്ക് മാത്രമല്ല നമ്മുടെ കുടുംബത്തിനും കണ്ണീരു മാത്രമേ ഉണ്ടാകൂ.



നന്ദന എം.ജെ

9 B

# ഓണച്ചൊല്ലുകൾ

- അത്തം പത്തോണം
- ഓണം മുണ്ട വയർ ചൂളം പാടും
- ഓണം മുഴക്കോലു  പോലെ
- ഓണം വരാനൊരു മൂലം വേണം
- ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര
- ഓണം വന്നാലും ഉണ്ണിപിറന്നാലും കോരത്തു കഞ്ഞി കുമ്പിളിൽ
- ഓണം പോലെയാണോ തിരുവാതിര
- ഉണ്ടെങ്കിൽ ഓണം ഇലെങ്കിൽ പട്ടിണി
- ഓണത്തിന് പൂട്ടുകച്ചവടം ഉറുമ്പും കരുതും
- ഓണത്തേക്കാൾ വലിയ മകമുണ്ടോ?
- ഏഴോണവും ചിങ്ങത്തിലെ തിരുവോണവും ഒന്നിച്ചു വന്നാലോ
- ചിങ്ങമാസത്തിൽ തിരുവോണത്തിൻ നാൾ പൂച്ചക്കു വയറുവേദന
- അത്തം കറുത്താൽ ഓണം വെളുക്കും

ഒനേഘ വി.എം.
9C



## സ്വപ്നശിഖ

അകലെനിന്നാരോ മുരളിയിലൂതും
സ്വപ്നമഴയ്ക്കായ് കാതോർത്തു ഞാൻ
വിണ്ണിന്റെ ലാവണ്യ രൂപത്തിലുണ്ടെന്റെ
ആയിരമായിര സ്വപ്നദീപം

വിണ്ണിന്റെ ലാവണ്യ രൂപത്തിലുണ്ടെന്റെ
കറയറ്റ ജീവിതം മാർഗ്ഗം
എന്നും അകലെയാകുന്നെന്റെ സ്വപ്നം

എന്തെന്നറിയാതെ ഇരുളിൽ മറയുന്ന
സൂര്യനെ നോക്കി കരഞ്ഞു
അവൾ എന്നും മയങ്ങാതിരുന്നു

അരുവിയെപ്പോലെ ഒഴുകുന്ന പാട്ടിന്റെ
സ്വരമഴയിൽ ഞാൻ നനഞ്ഞുപോയി
മഞ്ഞണിഞ്ഞ രാവിൽ മഞ്ഞുപെയ്ത
പോലെ ഇന്നെന്റെ സ്വപ്നങ്ങൾ പൂവണിഞ്ഞു

വിണ്ണിന്റെ ലാവണ്യ രൂപത്തിലുണ്ടെന്റെ
ആയിരമായിരം സ്വപ്നദീപം
എന്നും കൂടെ വരുന്നെന്റെ സ്വപ്നശിഖ

അലീന വി.റ്റി.

9B

# കടംകഥ

കാലിൽ പിടിച്ചാൽ തോളിൽ കയറും

- കുട

കാള കിടക്കും കയറോടും

- മത്തങ്ങ

അമ്മയെ കുത്തി മകൻ മരിച്ചു

- തീപ്പെട്ടിക്കൊള്ളി

അടി മുള്ള് നടുകാട് തല പൂവ്

-കൈതച്ചക്ക

ഞെട്ടില്ല വട്ടയില്ല

- പപ്പടം

അകത്ത് രോമം പുറത്ത് ഇറച്ചി

-മൂക്ക്

അക്കരെ നിക്കും തുഞ്ചാണി ഇക്കരെ നിക്കും തുഞ്ചാണി കൂട്ടി മുട്ടും തുഞ്ചാണി

-കൺപീലി

മുറ്റത്തെ ചെപ്പിന് അടപ്പില്ല

-കിണർ

അണിഞ്ഞാൽ എടുക്കാനാവാത്ത വെള്ളിതാലി

-കോലം

തിന്നില്ല, കുടിക്കില്ല,തല്ലാതെതൊട്ട് മിണ്ടുകയുമില്ല

-ചെണ്ട

സോന സണ്ണി 9 A

# 'ക' ചൊല്ലുകൾ


- കാക്ക കുളിച്ചാൽ കൊക്കാകുമോ
- കുരയ്ക്കും പട്ടി കടിക്കില്ല
- കിട്ടാത്ത മുന്തിരി പുളിക്കും
- കാണം വിറ്റും ഓണം ഉണ്ണണം
- കുന്തം പോയാൽ കുടത്തിലും തപ്പണം
- കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്
- കാര്യം കാണാൻ കഴുതക്കാലും പിടിക്കണം
- കരയുന്ന കുഞ്ഞിനേ പാലുള്ളൂ
- കലത്തിലുണ്ടെങ്കിലേ കൈയ്യിൽവരൂ
- കൈയ്യനങ്ങിയാലേ വായനങ്ങൂ
- കളയില്ലാതെ വിളയില്ല
- കള്ളം പറന്ന് വരും നേര് നിരങ്ങിയേ വരൂ
- കാലവും തിരമാലയും ആർക്കുവേണ്ടിയും കാക്കില്ല
- കണ്ണുണ്ടായാൽ പോര കാണണം

അബിത കെ.എ.

9A

# പ്രകൃതിയെ ചൂഷണം ചെയ്യുന്ന മനുഷ്യൻ

പരിസരം ദൂഷിതമാക്കുക. ഇതാണ് മലിനീകരണത്തിന്റെ അർത്ഥം. നമ്മുടെ നാട്ടിൽ മലിനീകരണത്തിന്റെ അളവ് ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഒരു മനുഷ്യന്റെ മാത്രം അവസ്ഥയല്ല, ലോകം മുഴുവനുമുള്ള അവസ്ഥയാണ്. ഈ പ്രശ്നം ഇന്ന് ലോകം മുഴുവൻ വർദ്ധിക്കുന്നു. മനുഷ്യൻ തന്റെ ബാഹ്യമായ സുഖസൗകര്യങ്ങൾക്കായി ധാരാളം വ്യവസായശാലകൾ നിർമ്മിച്ച് പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്രകാരം പ്രകൃതി നമുക്കായി നൽകിയ ശുദ്ധജലം, ശുദ്ധവായു, ഹരിത നിറമാർന്ന ഭൂമി. നമ്മുടെ സുഖങ്ങൾക്കുവേണ്ടി നശിപ്പിക്കുന്നു. മനുഷ്യൻ ചെയ്യുന്ന ക്രൂരതകൾ മനുഷ്യർക്കു മാത്രമല്ല നിരപരാധികളായ പല ജീവജാലങ്ങളിലും അത് അനുഭവിക്കപ്പെടുന്നു. മലിനീകരണം അവർക്കു മുൻപിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു.



ഭൂമിയിൽ മലിനീകരണം നാലു തരത്തിലുണ്ട്. വായു മലിനീകരണം, ജലമലിനീകരണം, ശബ്ദമലിനീകരണം, ഭൂമി മലിനീകരണം.

വായുമലിനീകരണം മഹാനഗരങ്ങളിൽ വളരെ കൂടുതലാണ്. ഇതിന്റെ വർദ്ധനവിന്റെ കാരണം വർദ്ധിച്ചുവരുന്ന ബിൽഡിങ്ങ്സ്, വ്യവസായ ശാലകളുമാണ്. വ്യവസായശാലകളിൽ നിന്നും പുറന്തള്ളി വരുന്ന പുക അന്തരീക്ഷത്തെ വിഷഭരിതമാക്കുന്നു. നമ്മുടെ നാട്ടിൽ

വർദ്ധിച്ചു വരുന്ന മോട്ടോർ വാഹനങ്ങളുംഇതിനു കാരണമാകുന്നു. അന്തരീക്ഷത്തിൽനിന്നും ശുദ്ധവായു ശ്വസിക്കേണ്ട നമ്മൾ ഇന്ന് വാഹനങ്ങളിൽനിന്നും പുറത്തുവരുന്ന കാർബൺ മോണോക്സൈഡ് എന്ന വിഷ വാതകമാണ്നാം ശ്വസിക്കുന്നത്. ഈ വാതകം ശ്വസി ക്കുന്നതിലൂടെ ശ്വാസകോശരോഗങ്ങളും ശ്വാസ സംബന്ധ മായ രോഗങ്ങളും നമ്മളെ പിടി മുറുക്കും. ജനസംഖ്യാ വർ ദ്ധനവിനോടൊപ്പം താമസസൗ കര്യത്തിനായി വൃക്ഷങ്ങളും വനങ്ങളും മുറിച്ചുമാറ്റുകയാണ്. വ്യവസായശാലകളിൽനില്ലും പുറന്തള്ളപ്പെടുന്നമാലിന്യങ്ങൾ വിഷം നിറഞ്ഞജലവുമെ ല്ലാം നദികളിലാണ് പതിക്കുന്നത്. നഗരങ്ങളിൽ എല്ലാ മാ ലിന്യങ്ങളും നദികളിലാണ് ഉപേക്ഷിക്കപ്പെടുന്നത്. ആളുകൾ ജലത്തിൽ ഇറങ്ങി കുളിക്കുന്നതും മൃഗങ്ങളെ കുളിപ്പിക്കിന്നകും തുടങ്ങിയ കാര്യങ്ങൾ ജലമലിനീകരണ ത്തിന് കാരണമാകുന്നു. ഇതു കാരണം പലതരത്തിലുള്ള രോഗങ്ങളും ഉണ്ടാകുന്നു. മഞ്ഞപ്പിത്തം, വയറിളക്കം, കോളറ തുടങ്ങിയവ.

റോഡിലൊരു ബ്ലോക്ക വന്നാൽ കുറച്ചുനേരം ക്ഷമിച്ചു നിൽക്കാൻ പോലും ഇപ്പോഴത്തെ ആളുകൾക്ക് സമയമില്ല. അവർ ഹോണടിച്ച് പരിസരമാകെ ശബ്ദമലിനാകരണം ഉണ്ടാക്കുന്നു. ഇത് മനുടെ ശ്രവണേന്ദ്രിയങ്ങളെ സ്വാധീനിക്കുന്നു.

ചെടികളും ഭക്ഷ്യസാധനങ്ങളും വർദ്ധിച്ചുവരാൻ വേണ്ടിഅതിതീവ്രമായ രാസവളങ്ങൾ അടിച്ച് മണ്ണിന്റെ

ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തുന്നു. ഫ്രിഡ്ജ്, ഏ സി എന്നിവയുടെ അമിത ഉപയോഗം കൊണ്ട് ഇതിൽ നിന്നുമുണ്ടാകുന്ന ക്ലോറോഫ്ലൂറോകാർബൺ ഭൂമിയുടെ ഓസോൺ പാളിയെ മലിനീകരിക്കുന്നു. മനുഷ്യനേയും ജീവജാലങ്ങളെയും സൂര്യന്റെ അൾട്രാവയലറ്റിൽനിന്നും രക്ഷിക്കുന്ന ഓസോൺ മനുഷ്യക്രൂരമായ പ്രവർത്തികൾ കൊണ്ട് നശിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിലുണ്ടാകുന്ന പ്രളയവും, ഉരുൾപ്പൊട്ടലും  നാം ചെയ്യുന്ന ക്രൂരതകൾക്ക് പ്രകൃതി നൽകുന്ന തിരിച്ചടികളാണ്. പരിസരസംരക്ഷണം കൊണ്ട് മാത്രമേ മലിനീകരണത്തിന്റെ  പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഇനിയും സമയം അതിക്രമിച്ചിട്ടില്ല. നമ്മുടെ ഭൂമി മാതാവിനെ വീണ്ടെടുക്കാൻ, മരങ്ങൾ വെച്ചു പിടിപ്പിച്ചും രാസവസ്തുക്കളുടെ ഉപയോഗം കുറച്ചും നദികളെ സംരക്ഷിച്ചും, നമ്മുടെ ഹരിതപൂർണ്ണമായ ഭൂമിയെ വീണ്ടെടുക്കാം. പരിസരം നമ്മുടെ രക്ഷാകർത്താവും ജീവിതത്തിന് ആധാരവുമാണ്. ഇതിനെ സംരക്ഷിക്കേണ്ടത് നമ്മുടെ പരമമായ കർത്തവ്യമാണ്.

പവിത്ര  പ്രസാദ്
9A

# 'വീട് 'പഴഞ്ചൊല്ലിൽ

മനുഷ്യൻ കുടുംബമായി താമസിക്കാൻ ആരംഭി ച്ചതോടെ വീട്പൂർണ്ണമായി.വീടിനെ വികാരപരമായി നോക്കിക്കാണുന്നവനാണ് മനുഷ്യൻ സ്വന്തം വീടിനെ സ്നേഹിക്കാത്തവരാരുമില്ല.

വീടിനെ ഭംഗി മനുഷ്യൻ കലാബോധം കൂടിയാണ് പ്രകടമാക്കുന്നത് .വീടിനെചുറ്റിപ്പറ്റി ഒത്തിരി പഴഞ്ചൊല്ലുകൾ മലയാള ഭാഷയിലുണ്ട്. തലമുറകൾ കൈമാറി അത് നമ്മുടെ അടുത്തും എത്തിയിരിക്കുന്നു

1.വീടു നന്നാക്കിയേ നാടു നന്നാക്കാവൂ

2.വീട്ടിലെ കാര്യം നാട്ടിൽ പറയരുത്

3.വെളിച്ചം കടക്കാത്ത വീട്ടിൽ വൈദ്യൻ കടക്കും

4.വീടിനേക്കാൾ വലിയ പടിപുരയോ?

5. വീട്ടിൽ വെണ്ണ വച്ച് അയലത്ത് നെയ്യിരക്കുക.

അക്സ സോണി

9A

# അമ്മ



എന്റെ സ്വന്തം അമ്മ
എന്നും എന്നെ കാക്കും
വാത്സല്യം മേകും
സ്നേഹമേകും
എന്നെ കരുതും അമ്മ
സ്നേഹത്തിൻ തണലായ്
എന്നെ മൂടും അമ്മ
വേദനയിൽ നിൽക്കും അമ്മ
സ്നേഹത്തിൻ തണലായ്
എന്നെ മൂടും അമ്മ
വേദിയിൽ കൂടെ നിൽക്കും അമ്മ
അമ്മ എന്ന സത്യം തിരിച്ചറിയുക നമ്മൾ
എല്ലാ ആപത്തുകളിൽ നിന്നും നമ്മെ കാക്കും അമ്മ
സ്വന്തമായി ഒന്നും എടുക്കാതെ
നമുക്കും നൽകും അമ്മ
തെറ്റുകൾക്ക് ശിക്ഷയേകി വഴി നടത്തും അമ്മ
സ്നേഹത്തിൻ മുലയൂട്ടി നമ്മെ വളർത്തി അമ്മ

അൽക്ക റോസ് രാജു 9A

# 'അ'യിൽ തുടങ്ങുന്ന കടങ്കഥകൾ

- അകത്തറുത്താൽ പുറത്തറിയും
- അകത്ത് തിരിതെറുത്തു,പുറത്തു മുട്ടയിട്ടു
- അകത്ത് രോമം പുറത്തിറച്ചി
- അകന്നു നിന്നു നോക്കിക്കാണും കണ്ടതെല്ലാം ഉള്ളിലാക്കും
- അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില
- അകം എല്ലും തോലും പുറം പൊന്തും പൊന്തും
- അക്കരെ വെടി പൊട്ടുമ്പോൾ ,ഇക്കരെ കട വിരിയുന്നു
- അമ്പാട്ടെ പട്ടിക്കു മുന്നോട്ട് വാൽ
- അമ്മ കിടക്കയിൽ,മകൾ നൃത്തശാലയിൽ
- അമ്മ കിടക്കും മകളോടും
- അരയ്ക്കു കെട്ടുള്ളവൻ നിലമടിച്ചു
- ആ പോയി ,ഇ പോയി ,കാണാനില്ല

ഹിസ ഫാത്തിമ

9C

# കഠിനാധ്വാനം വിജയത്തിന്റെ മുന്നോടി

**മനോഹരമായ ഒരു ഗ്രാമം.നിറയെ പച്ചപ്പ്.എവിടെ നോക്കിയാലും പച്ച നിറഞ്ഞ പരവതാനികൾ.വർണ്ണശലഭമായ പൂക്കൾ.പല നിറത്തിൽ ,പല രൂപത്തിൽ ഏവരുടേയും മനം കവരുന്ന വിധത്തിൽ ആകാശമുട്ടേ പറന്ന് നടക്കുന്ന പറവകൾ.നെൽ കൃഷിയായിരുന്നു ആ ഗ്രാമത്തിലെ ആളുകളുടെ വരുമാനം.കൃഷിയല്ലാതെ വേറൊരു തൊഴിലും അവിടെയുള്ളവർക്ക് അറിയില്ലായിരുന്നു.ആ ഗ്രാമത്തിലെ വീടുകൾ വിരലിലെണ്ണാവുന്നതേയുള്ളൂ.എന്നിരുന്നാലും എല്ലാവ രും ഒത്തൊരുമയോടെയാണ് ജീവിച്ചിരുന്നത്. എല്ലാവരും ഒരു കുടുംബം.നേരം പുലർന്നാൽ വീടുകളിലെ ആണുങ്ങൾ പറമ്പിലേക്ക് ഇറങ്ങും.അവരുടെ ജീവിതം മുഴുവൻ കൃഷിക്ക് സമ്മാനിച്ചത് കൊണ്ടാവാം ആ ഭൂമി അവർക്ക് നൂറുമേനി വിളവ് എപ്പോഴും നൽകുന്നത്.സൂര്യൻ പോലും അവരുടെ ഗ്രാമത്തെ നോക്കിനിന്നു പോകുമായിരുന്നു.പുഴയിൽ പൂർണ്ണ ചന്ദ്രൻ ഒഴുകി നടക്കുമായിരുന്നു.എങ്ങനെയോ ആ മനോഹര ഗ്രാമം ഒരു രാക്ഷസന്റെ കണ്ണിൽപ്പെട്ടു.ആ ഗ്രാമത്തിൽ ഒരു റിസോർട്ട് പണിയുകയാണെങ്കിൽ വളരെയധികം പണം സമ്പാദിക്കാൻ സാധിക്കും എന്നയാൾ ചിന്തിച്ചു. എങ്ങനെയെ ങ്കിലും ആ ഗ്രാമം തന്റേത് മാത്രമാക്കണം. അതിനുവേണ്ടി അ യാൾ പോരാട്ടം തുടങ്ങി.ആ പാവങ്ങളുടെ സമാധാനം അയാൾ നശിപ്പിച്ചു.ആ സ്ഥലത്തിന്റെ കള്ള ആധാരമുണ്ടാക്കി അതുമായി കേസിനു പോയി.പണം വാരിയെറിഞ്ഞ് കേസ് അയാൾക്ക് അനുകൂലമാക്കി ആ പാവം കൃഷിക്കാരും**

അവരുടെ കുടുംബങ്ങളും എങ്ങോട്ട് പോകണമെന്ന് അറിയാതെ ആകെ വലഞ്ഞു. ആ ഗ്രാമത്തിലെ ഒരു കൃഷിക്കാരന്റെ ആറ് വയസ്സ് പ്രായമുള്ള ഒരു കുട്ടി അവർക്ക് ആത്മവിശ്വാസം പകർന്നു. ആ ധൈര്യത്തിൽ അവർ തന്റെ ജീവന്റെ ജീവനായ അവരുടെ ശ്വാസമായ അവരുടെ മാത്രം ഭൂമി തിരിച്ചുപിടിക്കാനായുള്ള പോരാട്ടം അവിടെനിന്നും തുടങ്ങി.ആ പോരാട്ടം പത്ത് വർഷത്തിലകം നീണ്ടു.ഒടുവിൽ അവരുടെ ശ്വാസം അവരുടെ കഠിനാധ്വാനത്തിലൂടെ വീണ്ടെടുത്തു. ആ ആറ് വയസ്സ് മാത്രം പ്രായമുള്ള ആ കുട്ടിയുടെ പിന്തുണയാണ് അവർക്ക് തന്റെ ശ്വാസം വീണ്ടെടുക്കാൻ പ്രചോദനമായത്.

ഈ കഥയിൽ നിന്നും നാം മനസ്സിലാക്കേണ്ടത് കഠിനാധ്വാനത്തിലൂടെ നമ്മുക്ക് വിജയത്തിലെത്താൻ സാധിക്കും.നിങ്ങൾ കഠിനമായി അധ്വാനിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്ക് വിജയം ഉറപ്പാണ്.പക്ഷേ അത് ഇപ്പോൾത്തന്നെ കിട്ടണമെന്നില്ല എന്നെങ്കിലുമൊരിക്കൽ ആ വലിയ വിജയം നമ്മുക്ക് കൈവരിക്കാൻ സാധിക്കും.പ്രായം നോക്കി വിലയിരുത്താതെ വാക്കുകൾ നോക്കി വിലയിരുത്തുക ഓരോരുത്തരെയും.പ്രായത്തിലല്ല കാര്യം അവരുടെ പ്രവർത്തിയിലും വാക്കുകളിലുമാണ്.

ഡോണ പ്രസാദ്
9A



## അഹങ്കാരം ആപത്ത്

ഒരിടത്ത് ഒരു സുന്ദരമായ വനമുണ്ടായിരുന്നു.ആ വനത്തിൽ പക്ഷികളും മൃഗങ്ങളും ഉണ്ടായിരുന്നു.പക്ഷികളിൽ ഏറ്റവും വെളുത്തതും സുന്ദരിയുമായ ഒരു കൊക്ക് ഉണ്ടായിരുന്നു.തന്റെ സൗന്ദര്യത്തിൽ അവൾ വളരെ അഹങ്കരിച്ചിരുന്നു.ഒരു പാവം കാക്ക തന്റെ ഇരയെ അന്വേഷിക്കുമ്പോൾ നീണ്ട പല്ലുകളുള്ള ഒരു കുറുക്കനെ കണ്ടു.കുറുക്കനും തന്റെ ഇരയെ അന്വേഷിച്ച് നടക്കുകയായിരുന്നു കാക്ക ഒരു മരത്തിൽ നിന്ന് നോക്കിയപ്പോൾ  കാക്ക വരുന്നത് കണ്ടു.  കൊക്കിനോട് കാക്ക ആ വഴി പോകരുത് അവിടെ കുറുക്കൻ ഇരയെ അന്വേഷിച്ച് നടക്കുന്നു എന്ന് പറഞ്ഞു. പക്ഷേ അഹങ്കാരിയായ കൊക്ക് കാക്കയുടെ വാക്കുകൾ വിശ്വസിച്ചില്ല. എന്നിട്ട് ആ വഴി നടന്നു കുറുക്കൻ കൊക്കിനെ കണ്ടയുടനെ കൊക്കിനെ പിടിച്ചുതിന്നു.

സൗപർണ്ണിക എസ്.നായർ

9A


# കൃഷിച്ചൊല്ലുകൾ

> നെല്ലിൽ പെയ്യുന്ന മഴ പുല്ലിലും പെയ്യും.
> കാലത്തേ വിതച്ചാൽ നേരത്തേ കൊയ്യാം.
> പണിയിൽ നന്ന് കൃഷിപ്പണി.
> കടയ്ക്കൽ നനച്ചാലേ തലയ്ക്കൽ പൊടിക്കൂ.
> നെല്ലറ പൊന്നറ
> കണ്ടം നന്നല്ലാത്തതിന് കന്നിനെ തല്ലിട്ടെന്താ.
> വിത്തുഗുണം പത്തുഗുണം.
> വിത്തുകുത്തി ഉണ്ണരുത്.
> പറിച്ചുനട്ടാലെ കരുത്തുകൂട്ടൂ.
> ഞാറുറച്ചാൽ ചോറുറച്ചു.
> ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽപ്പിഴച്ചു.
> കോരിവിതച്ചാൽ കുറച്ചേ കൊയ്യൂ.
> ഒന്നു ചീഞ്ഞാൽ ഒന്നിനു വളം.
> മത്തകുത്തിയാൽ കുമ്പളം മുളയ്ക്കില്ല.
> ഉച്ചാറുച്ചയ്ക്കു വെള്ളരി നട്ടാൽ വിഷുവുച്ചയ്ക്ക് കാ പറിക്കാം.

**അൻസ തോമസ്**
**9B**

# താൻ പാതി ദൈവം പാതി

നല്ല മഴയുള്ള ഒരു ദിവസം .കാളവണ്ടിക്കാരന് അന്ന് ചന്തയിൽ പോയേ മതിയാവൂ .അയാൾ വില്പന സാധ നങ്ങൾ വണ്ടിയിൽ നിറച്ച് പുറപ്പെട്ടു. വഴിയിലാകെ ചെളി. കാളകൾ വളരെ പ്രയാസപ്പെട്ടാണ് വണ്ടി വലിക്കുന്ന ത്.കുറച്ച് വഴി ചെന്നപ്പോൾ വണ്ടിചക്രങ്ങൾ ചെളിയിൽ പുതഞ്ഞു. കാളകൾ ആഞ്ഞുവലിച്ചു . വണ്ടി നീങ്ങുന്നില്ല. വണ്ടിക്കാരൻ കാളകളെ വഴക്കു പറഞ്ഞു; അടിച്ചു. അ വയെന്തു ചെയ്യും. നീങ്ങണ്ടേ?ഇന്ന് സമ യത്തിനു ചന്തയിൽ ചെല്ലാൻ പറ്റുമെന്നു തോന്നുന്നില്ല. കാളവണ്ടിക്കാരൻ ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു. അയാളുടെ കേട്ടപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ടു. "എന്തി നാണാ എന്നെ വിളിച്ചത് "ദൈവം ചോദിച്ചു ."ദേവാ, എന്റെ ഈ വണ്ടിയൊന്നു ചെളിയിൽ നിന്നും ഉയർ ത്തിത്തരണേ......."കാളവണ്ടിക്കാരന് അപേക്ഷിച്ചു.ദൈ വം പറഞ്ഞു; "'നീയൊരു കാര്യം ചെയ്യൂ, കാളക ളോടൊപ്പം നീയും ചെളിയിൽ ഇറങ്ങിനിന്ന് ഉന്തിയാൽ വണ്ടി ഉരുളും''. ഇതും പറഞ്ഞ് ദൈവം അപ്രത്യക്ഷനായി.കാളവണ്ടിക്കാ രൻ തന്റെ സർവ ശക്തിയുമെടുത്ത് വണ്ടിച്ചക്രങ്ങൾ ത ള്ളാൻ തുടങ്ങി.കാള കളും ഒത്തുപിടിച്ചു. വണ്ടി ഉരുണ്ടു.



**എലിസ് എയ്ഞ്ചൽ ബേബി 9 C**



# നന്ദി

ശാസ്ത്രസാങ്കേതിക വിദ്യയുടെ ലോകത്തേക്ക് ഉയരാൻ ഞങ്ങൾക്ക് അനുഗ്രഹം നൽകിയ സർവ്വേശ്വരന്, അവസരം നൽകിയ പ്രിയ അദ്ധ്യാപകർക്ക്, പങ്കു ചേർന്ന എല്ലാ കൂട്ടുകാർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി....................